നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുവിതരണ ശൃംഖല കമ്പ്യൂട്ടർവൽക്കരിക്കുന്നതുമായി ബന്ധപ്പെട്ട് ഡിജിറ്റലൈസേഷനുവേണ്ടി വിവരശേഖരണം നടത്തിവരുന്നു. Supply Chain Management-നുള്ള എൻ.ഐ.സി.-യുടെ Common Application Software കേരളത്തിനുവേണ്ടി പാകപ്പെടുത്തി ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. NFSA-യുടെ 14-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം പരാതി പരിഹാര സംവിധാനത്തിനായുള്ള നടപടികൾ നടന്നുവരുന്നു. കാൾ സെന്റർ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ജില്ലാതലത്തിൽ DGRO-മാരെയും സംസ്ഥാനതലത്തിൽ ഫുഡ് കമ്മീഷനേയും നിയമിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

ജില്ലാ റോഡുകളിൽ റബ്ബറൈസ്ഡ് ടാറിംഗ്

18 (*108) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ജില്ലാ റോഡുകൾ റബ്ബറൈസ്ഡ് ടാറിംഗ് നടത്തുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള ജില്ലാ റോഡുകളുൾപ്പെടെയുള്ള റോഡുകളിൽ ഉപരിതലം പുതുക്കുമ്പോൾ പരമാവധി റബ്ബറൈസ്ഡ് ടാറിംഗ് നടത്താൻ തീരുമാനിച്ചിട്ടുണ്ട്. സെൻട്രൽ റോഡ് ഫണ്ട് (CRF) സ്കീമിൽ ഉൾപ്പെടുത്തി കേന്ദ്രസർക്കാർ ധനസഹായത്തോടെ നടപ്പിലാക്കുന്ന ജില്ലാ റോഡുകൾ ഉൾപ്പെടെയുള്ള പ്രവൃത്തികളിൽ റബ്ബറൈസ്ഡ് ബിറ്റുമിൻ ആണ് ഉപയോഗിക്കുന്നത്. കെ.എസ്.റ്റി.പി. മുഖേന നടത്തുന്ന ബി.എം.&ബി.സി. പ്രവൃത്തികളിൽ ബി.സി. ചെയ്യുമ്പോൾ പരമാവധി എൻ.ആർ.എം.ബി. (നാച്ചുറൽ റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ) ഉപയോഗിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ, സംസ്ഥാന ഹൈവേ ഇംപ്രൂവ്മെന്റ് പ്രോജക്ട് തുടങ്ങിയവയുടെ പ്രവൃത്തികൾക്കും NRMB ഉപയോഗിക്കുന്നതിന് തീരുമാനം എടുക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly